പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3962 24/8/2017 ൽ മറുപടിക്ക്

## മൃഗസംരക്ഷണത്തിന് കർമ്മ പദ്ധതികൾ

ചോദ്യം

ശ്രീ.കെ.സി.ജോസഫ്
ശ്രീ.സണ്ണി ജോസഫ്
ശ്രീ.കെ.മുരളീധരൻ
ശ്രീ.അനിൽ അക്കര

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് മൃഗസംരക്ഷണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | എ) | പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപരാപ്തത കൈവരിക്കാനുള്ള പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പ് ആസൂത്രണം ചെയ്തത് നടപ്പിലാക്കി വരുന്നത്. പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ പ്രതിവർഷം 30 മെട്രിക് ടൺ പാൽ ഉത്പാദിപ്പിക്കേണ്ടിയിരുന്നു. നിലവിൽ ഇത് 26 ലക്ഷം മെട്രിക് ടൺ ആണ്. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്ത് ജനിക്കുന്ന പശു/ എരുമ കുട്ടികൾക്ക് വെറ്ററിനറി സഹായം ഉൾപ്പെടെയുള്ള സഹായം ലഭിക്കുന്നു. കൂടാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ക്ഷീരകർഷകർക്ക് സഹായകരമാകുന്ന വിധത്തിൽ കന്നുകാലി ഇൻഷ്വറൻസ്, കറവ യന്ത്രവത്ക്കരണം, കിടാരി വളർത്തൽ, സംരംഭക വികസന പദ്ധതികൾ, ബാങ്ക് വായ്പയുടെ പലിശക്ക് സബ്സിഡി ചെറുകിട ഡയറി യൂണിറ്റുകൾ ഇവയാണ് 13-ാം പഞ്ചവത്സര പദ്ധതിയിൽ ആസൂത്രണം ചെയ്ത നടപ്പാക്കുന്ന പദ്ധതികൾ. മുട്ട ഉത്പാദനത്തിൽ സ്വയം . പര്യാപ്തത കൈവരിക്കുന്നതിനായി വകുപ്പിന് കീഴിലുള്ള കോഴിഫാമുകളിലെ ഉത്പാദനക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യും. കൂടാതെ വകുപ്പിന് കീഴിൽ രണ്ട് പുതിയ ഹാച്ചറികൾ-കൊല്ലം ജില്ലയിലെ ആയൂരിലെ തോട്ടത്തറ ഹാച്ചറി മെച്ചപ്പെടുത്താൻ 5.82 കോടി രൂപ ചിലവഴിച്ചു. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ പുതിയ ഹാച്ചറി സ്ഥാപിക്കാൻ 3 കോടി രൂപ ചിലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി. |

| | | | |
|---|---|---|---|
| | | | മൃഗചികിത്സാ സേവനരംഗത്ത് രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നിലവിൽ 65 ബ്ലോക്കുകളിൽ നടപ്പിലാക്കുന്നുണ്ട്. 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ടി പദ്ധതി കൂടുതൽ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ മൃഗാശുപത്രികൾ ശാക്തീകരിച്ച് മെച്ചപ്പെട്ട രോഗനിർണ്ണയ ചികിത്സാ സംവിധാനങ്ങൾ ഒരുക്കും. പാലോട് പ്രവർത്തിക്കുന്ന വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പേവിഷ പ്രതിരോധ വാക്സിൻ ഉത്പാദിപ്പിക്കാനും ലക്ഷ്യമിടുന്നു. പേവിഷബാധ ഉൾപ്പെടെയുള്ള ജന്തുജന്യ രോഗങ്ങളുടെ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികളും വകുപ്പ് ആസൂത്രണം ചെയ്യുന്നുണ്ട്. |
| ബി) | ഇവയിൽ എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കി വരുന്നതെന്ന് വിവരിക്കുമോ; | ബി) | 1.മൃഗാശുപത്രികളുടെ വികസനവും പുന സംഘടനയും<br>2.മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ<br>3.ബയോളജിക്കൽ പ്രോഡക്ഷൻ കോംപ്ലക്സ്<br>4.വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം.<br>5.രാഷ്ട്രീയപശുധൻ വികാസ് യോജന<br>6. ഊർജ്ജിത കന്നുകാലി വികസനം-ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ<br>7.വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും<br>8.പ്രത്യേക കന്നുകാലി വികസന പദ്ധതി<br>9. ഗോവർദ്ധിനി<br>10.ബാക്ക് യാർഡ് പൗൾട്രി ഡെവലപ്പ്മെന്റ് പ്രോജക്ട്<br>11.വികസനവും പരിശീലനവും<br>12.മൃഗസംരക്ഷണ സ്ഥിതിവിവരണ കണക്കും സാമ്പിൾ സർവ്വേയും (50% കേന്ദ്രസഹായം)<br>13.കന്നുകാലി സെൻസസ് (100% കേന്ദ്രസഹായം)<br>14.വിവരസാങ്കേതിക വിദ്യ മെച്ചപ്പെടുത്തലും ആധുനികവത്ക്കരണവും.<br>15. കേരള സംസ്ഥാന പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന് സാമ്പത്തിക സഹായം<br>16.കേരള ഫീഡ്സിന് സാമ്പത്തിക സഹായം<br>17. കെ.എൽ.ഡി. ബോർഡിന് സാമ്പത്തിക സഹായം |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദാംശങ്ങൾ | സി) | ക്ഷീരമേഖലയിൽ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിന് മിനിഡയറി യൂണിറ്റുകൾക്ക് കറവയന്ത്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് പരമാവധി |

| | | | |
|---|---|---|---|
| | അറിയിക്കുമോ? | | 25,000/-രൂപയാണ് ധനസഹായമായി നൽകുന്നത്. 2017-18 സാമ്പത്തിക വർഷം കന്നുകാലി ഇൻഷുറൻസിനുവേണ്ടി 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗോസമൃദ്ധി എന്ന് പേരിട്ടിട്ടുള്ള സംസ്ഥാന ആവിഷ്കൃത പദ്ധതിയായ പ്രസ്തുത ഇൻഷുറൻസ് പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ